**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായതോടെ കർഷക സമൂഹം കടുത്ത ആശങ്കയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | വന്യജീവികൾ കർഷരുടെ കൃഷി നശിപ്പിക്കുകയും വളർത്തു മൃഗങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഇവയെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വന്യജീവികൾ കർഷകരുടെ കൃഷി നശിപ്പിക്കുകയും വളർത്തു മൃഗങ്ങളെ കൊല്ലുകയും ചെയ്യുന്നതിനെ പ്രതിരോധിക്കുന്നതിനായി വനംവകുപ്പ് ഇതിനകം തന്നെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.<br>• വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ ,കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, |

പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ച വരുന്നു.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.
- കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.
- ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെകാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.
- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധി പ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷ കരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തിപങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല / ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കുവാനും സ.ഉ (സാധാ) നം.242/2023/വനം തീയതി 20.06.2023 പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.
- വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി / കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം നഷ്ടപരിഹാരം നൽകി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.
- ജനവസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്‌ലൈഫ് വാർഡന് / അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട്സ.ഉ.(സാധാ)

| | | | |
|---|---|---|---|
| | | | 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സഉ.(കൈ)11/2023/വനം തീയതി 27.05.2023 പ്രകാരം **ഉത്തരവ്** പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണം മൂലം വിള നശിച്ചവർക്കും വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകുന്നുണ്ടോ; വിശദ വിവരം നൽകാമോ? | (സി) | വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ The 'Kerala Rules for Payment of Compensation to Victims of Attack by Wild Animals' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന വിളനാശത്തിന് 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയുംപ്രകാരമുള്ള നിരക്കിൽ ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.<br>05-04-2018-ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം കന്നുകാലികൾക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം) പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ